"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി-യുടെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്യുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.14/2025/GEDN തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-
1. കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി 30.01.2019-ൽ സമർപ്പിച്ച മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ.
2. ശ്രീ.അനീഷ് കെ.സി 22.08.2024-ൽ സമർപ്പിച്ച സങ്കട ഹർജി.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.05.2021-ലെ (എൽ.ഡിസ്)എം.ആർ.1-81667/2020/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി യുടെ ഭാര്യയുടെ ക്യാൻസർ സംബന്ധമായ അസുഖത്തിന് വെല്ലൂർ സി.എം.സി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു. 12.06.2020-ലെ 34/2020/ധന പരിപത്രം പ്രകാരം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിത്സ തേടുന്ന കേസുകളിൽ ചികിത്സാ തുക പ്രതിപൂരണം ചെയ്ത് നൽകുന്നത് പരിഗണനാർഹമല്ലാത്തതിനാലും, രോഗി ചികിത്സ തേടിയ വെല്ലൂർ സി.എം.സി ആശുപത്രി സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാലും ടിയാളുടെ അപേക്ഷ നിരസിച്ചു.

2) വൻ സാമ്പത്തിക ബാധ്യതയിലൂടെയാണ് ഇപ്പോൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നതെന്നും വളരെ വൈകിയ അവസ്ഥയിൽ മാത്രം ചികിത്സ തുടങ്ങിയതിനാൽ എല്ലാ മൂന്നു മാസത്തിലും പരിശോധനകൾക്ക് വിധേയമാകേണ്ടതുണ്ടെന്നും അതിന് ഒരു ലക്ഷത്തിനടുത്ത് തുക

ആവശ്യമുണ്ടെന്നും ചെലവായ തുകയുടെ വളരെ ചെറിയ ഒരംശം മാത്രമാണ് റീ - ഇംബേഴ്സ്മെന്റിനായി സമർപ്പിച്ചിട്ടുള്ളതെന്നും ഒന്നര വർഷത്തിനു ശേഷം മാത്രം ഇറങ്ങിയ ഒരു ഉത്തരവിന്റെ വെളിച്ചത്തിൽ അപേക്ഷ തള്ളിക്കളയരുതെന്നും ഒരു പ്രത്യേക കേസായി പരിഗണിച്ച് സഹായിക്കണമെന്നും അപേക്ഷിച്ച് ടിയാൾ പാരമർശം (2) പ്രകാരം ഹർജി സമർപ്പിച്ചു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി യുടെ ഭാര്യയുടെ ക്യാൻസർ സംബന്ധമായ അസുഖത്തിന് സർക്കാർ അംഗീകൃതമല്ലാത്ത വെല്ലൂർ സി.എം.സി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിരിക്കുന്ന 4,65,024/ രൂപയുടെ 80 ശതമാനമായ 3,72,019/- (മൂന്നു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി പത്തൊൻപത് രൂപ മാത്രം) മാനുഷിക പരിഗണന നൽകി, പ്രത്യേക കേസായി പരിഗണിച്ച് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം,
തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർസെക്കന്ററി വിദ്യാഭ്യാസം, ചെങ്ങന്നൂർ.
ശ്രീ.അനീഷ് കെ.സി., ലാബ് അസിസ്റ്റന്റ്, മാർ തോമ എച്ച്.എസ്.എസ്.,
വെണ്മണി, ചെങ്ങന്നൂർ, ആലപ്പുഴ.
പ്രഥമാധ്യാപിക, മാർ തോമ എച്ച്.എസ്.എസ്., വെണ്മണി, ചെങ്ങന്നൂർ,
ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2642 തീയതി 22.01.2025)
ധനകാര്യ വകുപ്പ് (23.10.2024-ലെ ലോൺസ്-എൽ2/394/2021/ധന (E 1890641) നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Gireesh Parambath
Date: 25-01-2025 13:08:17

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്

DS
Rh 23/1/25

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2025

ഫയൽ നം. എച്ച്3/363/2024/പൊവിവ. ഇനം നം: 2642

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോട്ടയം എം.റ്റി. സെമിനാരി എച്ച്.എസ്.എസ്.-ലെ ലാബ് അസിസ്റ്റന്റ് ശ്രീ. അനീഷ് കെ. സി.-യ്ക്ക് ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യുന്നത് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

2642

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച്3/363/2024/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതു വിദ്യാഭ്യാസ (എച്ച്) വകുപ്പ് |
| 3 | വിഷയം | : | കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി-യ്ക്ക് ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യുന്നത് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19.10.2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>: ഉണ്ട്<br>: ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി ഗീത ഗോപിനാഥ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.11.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.01.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.01.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി യുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ മാനുഷിക പരിഗണന നൽകി, പ്രത്യേക കേസായി പരിഗണിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി യുടെ ഭാര്യയുടെ ക്യാൻസർ സംബന്ധമായ അസുഖത്തിന് വെല്ലൂർ സി.എം.സി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ, ടി ആശുപത്രി സർക്കാർ അംഗീകൃതമല്ലാത്തതിനാൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു. ടി വകുപ്പിന്റെ അഭിപ്രായം ചുവടെപ്പറയും പ്രകാരമാണ്.

"This Department agrees to accord expost facto sanction for the Carcinoma breast treatment of Smt.Bincy Varghese W/o Sri.Anish.K.C., Lab Assistant, M.T.Seminary HSS, Kottayam at CMC, Vellore as a special case in relaxation of existing KGSMA Rules, 1960 so as to reimburse 80% of the admissible amount verified by the Director of Health Services, Thiruvananthapuram at Government rate, with the concurrence of Finance Department.

This has the approval of Hon'ble Minister for Health and Social Justice."

3) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ സമർപ്പിച്ച ബില്ലുകൾ പരിശോധനയ്ക്ക് വിധേയമാക്കി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുവദനീയ തുക അറിയിച്ചുകൊണ്ടുള്ള പരിശോധന റിപ്പോർട്ട്, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയ തുക രേഖപ്പെടുത്തി ഒപ്പ്, വെരിഫിക്കേഷൻ സീൽ എന്നിവ വച്ച എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, ഒ.പി. ടിക്കറ്റ്, അപ്പൻഡിക്സ് II എന്നിവ സഹിതം അപേക്ഷ പുനഃസമർപ്പിച്ചു. പ്രസ്തുത അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ അപേക്ഷൻ 'paid by me' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ ബില്ലുകളിലും ചികിത്സിച്ച ഡോക്ടറുടെ ഒപ്പും പേരും രജിസ്റ്റർ നമ്പറും രേഖപ്പെടുത്തിയ സീലും പതിപ്പിച്ചിട്ടില്ല. ടി സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത രേഖപ്പെടുത്തിയ തുകയുടെ 80% പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണോ എന്നതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെപ്പറയും പ്രകാരമാണ്.

"ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പൂർവ്വകാല അനുമതി ഹാജരാക്കിയിട്ടുണ്ടെങ്കിലും 12.06.2020-ലെ 34/2020/ധന പരിപത്രം പ്രകാരം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിത്സ തേടുന്ന കേസുകളിൽ ചികിത്സാ തുക പ്രതിപൂരണം ചെയ്ത് നൽകുന്നത് പരിഗണനാർഹമല്ലാത്തതിനാലും, രോഗി ചികിത്സ തേടിയ വെല്ലൂർ സി.എം.സി

ആശുപത്രി സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാലും, സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ച 12.06.2020-നു മുൻപുള്ള ചികിത്സാ കാലയളവാണെങ്കിലും ചികിത്സാ തുക പ്രതിപൂരണം ചെയ്തു നൽകണമെന്നുള്ള ഭരണ വകുപ്പ് ശിപാർശ അംഗീകരിയ്ക്കാൻ നിർവ്വാഹമില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

4) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.അനീഷ് കെ.സി സമർപ്പിച്ച മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ സർക്കാർ നിരസിച്ചു. തുടർന്ന് വൻ സാമ്പത്തിക ബാധ്യതയിലൂടെയാണ് ഇപ്പോൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നതെന്നും വളരെ വൈകിയ അവസ്ഥയിൽ മാത്രം ചികിത്സ തുടങ്ങിയതിനാൽ എല്ലാ മൂന്നു മാസത്തിലും പരിശോധനകൾക്ക് വിധേയമാകേണ്ടതുണ്ടെന്നും അതിന് ഒരു ലക്ഷത്തിനടുത്ത് തുക ആവശ്യമുണ്ടെന്നും ചെലവായ തുകയുടെ വളരെ ചെറിയ ഒരംശം മാത്രമാണ് റീ - ഇംബേഴ്സ്മെന്റിനായി സമർപ്പിച്ചിട്ടുള്ളതെന്നും ഒന്നര വർഷത്തിനു ശേഷം മാത്രം ഇറങ്ങിയ ഒരു ഉത്തരവിന്റെ വെളിച്ചത്തിൽ അപേക്ഷ തള്ളിക്കളയരുതെന്നും ഒരു പ്രത്യേക കേസായി പരിഗണിച്ച് സഹായിക്കണമെന്നും അപേക്ഷിച്ച് ടിയാൾ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേന അപേക്ഷ സമർപ്പിച്ചു.

5) കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി യുടെ ഭാര്യയുടെ ക്യാൻസർ സംബന്ധമായ അസുഖത്തിന് വെല്ലൂർ സി.എം.സി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിരിക്കുന്ന 4,65,024/

രൂപയുടെ 80% മാനുഷിക പരിഗണന നൽകി, പ്രത്യേക കേസായി പരിഗണിച്ച്, അനുവദിക്കുന്ന വിഷയം മന്ത്രിസഭായോഗം മുൻപാകെ സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ വെളിച്ചത്തിൽ ഇതു സംബന്ധിച്ച പൊതു വിദ്യാഭ്യാസ വകുപ്പിൻറെ ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള തുടർ നടപടി അടിയന്തിരമായി സ്വീകരിക്കുവാൻ ധനകാര്യ വകുപ്പ് 23.10.2024 ലെ അനൗദ്യോഗിക കുറിപ്പ് പ്രകാരം അറിയിച്ചിട്ടുണ്ട്.

**തീരുമാനിക്കേണ്ട സംഗതി**

കോട്ടയം എം.റ്റി സെമിനാരി എച്ച്.എസ്.എസ്-ലെ ലാബ് അസിസ്റ്റന്റ് ശ്രീ.അനീഷ് കെ.സി യുടെ ഭാര്യയുടെ ക്യാൻസർ സംബന്ധമായ അസുഖത്തിന് സർക്കാർ അംഗീകൃതമല്ലാത്ത വെല്ലൂർ സി.എം.സി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിരിക്കുന്ന 4,65,024/- രൂപയുടെ 80% മാനുഷിക പരിഗണന നൽകി, പ്രത്യേക കേസായി പരിഗണിച്ച് പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകാമോ?